(സി) ഗുണനിലവാര നിയന്ത്രണത്തിന് മിൽമയ്ക്ക് കാര്യക്ഷമമായ സംവിധാനങ്ങൾ നിലവിലുണ്ട്. പ്രാഥമിക സഹകരണസംഘങ്ങളിൽ പാൽ ലഭിക്കുന്നതു മുതൽ പാൽ വിതരണത്തിനു തയ്യാറാക്കുന്നതു വരെയുള്ള വിവിധ ഘട്ടങ്ങളിൽ കർശന ഗുണനിലവാര നിയന്ത്രണം മിൽമ ഉറപ്പാക്കുന്നുണ്ട്. പ്രാഥമിക സഹകരണസംഘങ്ങളിൽ കർഷകരിൽ നിന്നും പാൽ സംഭരിക്കുമ്പോൾ പ്രാഥമിക ഗുണനിലവാര പരിശോധനയ്ക്കുള്ള സംവിധാനങ്ങൾ സംഘങ്ങളിൽ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. മിൽമയുടെ ഡയറികളിലും ശീതീകരണ ശാലകളിലും അവിടെ ലഭിക്കുന്ന പാലിന്റെയും, സംസ്കരിച്ച് വിതരണത്തിന് തയ്യാറാക്കുന്നതിനുള്ള പാലിന്റെയും ഗുണനിലവാര നിയന്ത്രണത്തിനുള്ള പരിശോധനയ്ക്ക് ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗസ്ഥരും ഉണ്ട്. ഇതിനു പുറമെ, പാലിന്റെയും പാലുല്പന്നങ്ങളുടെയും സാമ്പിൾ സർക്കാർ അനലറ്റിക്കൽ ലബോറട്ടറികളിലും പ്രമുഖ ലബോറട്ടറികളിലും അയച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ആയതിനാൽ മിൽമാ പാൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം മാത്രമാണ്.

(ഡി) മിൽമ പാലിന്റെ ആവശ്യകതയ്ക്ക് അനുസരിച്ച് ആഭ്യന്തര സംഭരണം വർദ്ധിപ്പിക്കാത്ത സാഹചര്യത്തിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും പാലും പാൽപ്പൊടിയും കൊണ്ടുവന്നാണ് മിൽമ പാൽ വിതരണം ഉറപ്പാക്കുന്നത്. ഇപ്പോൾ ശരാശരി പ്രതിദിന സംഭരണം 5.75 ലക്ഷം ലിറ്ററും പ്രതിദിന വിൽപന 11.81 ലക്ഷം ലിറ്ററുമാണ്. അതായത് സംഭരണവും വിതരണവും തമ്മിലുള്ള വ്യത്യാസം ഏകദേശം പ്രതിദിനം 6.00 ലക്ഷം ലിറ്ററോളം ആണ്. വേനൽക്കാലം തുടങ്ങിയതോടു കൂടി കർണ്ണാടക, തമിഴ്നാട്, എന്നീ സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമായിരുന്ന പാലിന്റെ അളവ് കുത്തനെ കുറഞ്ഞിട്ടുണ്ട്. ഈ കാരണത്താൽ സംസ്ഥാനത്ത് ആകെ ലഭ്യമായിട്ടുള്ള കൊഴുപ്പിന്റെ അളവ് കുറവ് വന്നിട്ടുള്ളതിനാൽ കൊഴുപ്പ് കൂടുതൽ ഉള്ള നീല കവർ പാൽ വിതരണം ചെയ്യുക അസാധ്യമാണ്. കൂടുതൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ഇപ്പോഴത്തെ സാഹചര്യത്തിൽ മഞ്ഞക്കവർ പാൽ വിപണിയിൽ കൂടുതലായി വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പാലിന്റെ ആഭ്യന്തര സംഭരണവും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന്റെ ലഭ്യതയും വർദ്ധിക്കുന്ന മുറയ്ക്ക് നീല കവർ പാലിന്റെ വിതരണം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പ്രവൃത്തികളിൽ സൊസൈറ്റികളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി

138(1395) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണവകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരമുള്ള വിവിധ പദ്ധതിയിൽ സൊസൈറ്റികളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

1. ഉല്പാദനക്ഷമതയുള്ള മേൽത്തരം കറവപ്പശുക്കളെ കർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതി.

ആലപ്പുഴ : 1000 കറവപ്പശുക്കൾ

കോട്ടയം : 500 കറവപ്പശുക്കൾ

പത്തനംതിട്ട : 500 കറവപ്പശുക്കൾ

2. കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്ന പദ്ധതി.

ആലപ്പുഴ : 500 കന്നുകുട്ടികൾക്ക്

കോട്ടയം : 250 കന്നുകുട്ടികൾക്ക്

പത്തനംതിട്ട : 250 കന്നുകുട്ടികൾക്ക്

3. പശുക്കൾക്ക് സൗജന്യ കൃത്രിമ ബീജധാനം നടത്തുന്ന പദ്ധതി:

പദ്ധതി പ്രകാരം 70666 കൃത്രിമ ബീജസങ്കലനം കൃത്രിമമായി നടത്തി.

4. കന്നുകാലികളിൽ വന്ധ്യതാ നിവാരണം നടത്തുന്ന പദ്ധതി (പ്രജനന സേവന പദ്ധതി).

ഈ പദ്ധതി പ്രകാരം 25000 കന്നുകാലികളിൽ വന്ധ്യതാ നിവാരണത്തിനുള്ള ചികിത്സാ നടപടികൾ നടത്തി.

5. ആട് വളർത്തൽ പദ്ധതി

ഈ പദ്ധതി പ്രകാരം കർഷകർക്ക് ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് 11970 ആടുകളെ വിതരണം ചെയ്യുന്നു.

(ബി) ഇപ്രകാരമുള്ള വിവിധ പദ്ധതിയിൽ സൊസൈറ്റികളെക്കൂടി ഉൾപ്പെടുത്തുന്നതിന് തൽക്കാലം നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly